LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ വികസന കമ്മീഷണർ നിയമനം

413 (5138) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ജില്ലകൾതോറും വികസന കമ്മീഷണർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കോട്ടയം, പത്തനംതിട്ട, കാസർഗോഡ്, പാലക്കാട് എന്നീ നാല് ജില്ലകളൊഴിച്ച് ബാക്കി 10 ജില്ലകളിലും വികസന കമ്മീഷണർമാരെ (ഡി.ഡി.സി.) നിയമിച്ചിട്ടുണ്ട്.

(ബി) ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥരെയാണ് പ്രസ്തുത തസ്തികയിൽ നിയമിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

സബ് കളക്ടർ ഗ്രേഡ് -I തസ്തികയിലുള്ള ഐ.എ.എസ്. ഓഫീസർമാരെയാണ് നിയമിച്ചിട്ടുള്ളത്.

(സി) ജില്ലാ വികസന കമ്മീഷണർമാരുടെ ചുമതലകൾ എന്തെല്ലാമാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ജില്ലാ വികസന കമ്മീഷണർമാരുടെ ചുമതലകൾ താഴെ പറയുന്നവയാണ് :

(i) ജില്ലയിൽ നടക്കുന്ന വൻകിട വികസന പദ്ധതികളുടെ നിരീക്ഷണവും അവലോകനവും.

(ii) വിവിധ സർക്കാർ വകുപ്പ് സെക്രട്ടറിമാർക്ക് അതത് മാസത്തെ പുരോഗതി റിപ്പോർട്ടുകൾ ജില്ലാ കളക്ടർ വഴി സമർപ്പിക്കുക.

(iii) ജില്ലാതലത്തിലെ വിവിധ വകുപ്പുകൾ തമ്മിലുള്ള പ്രശ്നങ്ങൾ മുൻകൂട്ടി കണ്ട് പരിഹരിക്കുക.

(iv) കോടതിവ്യവഹാരങ്ങളിൽ കാലതാമസം ഒഴിവാക്കാൻ അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക.

(v) വികസന പദ്ധതികളും പ്രോജക്ടുകളും ത്വരിതഗതിയിൽ നടപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകാൻ ജില്ലാ കളക്ടർമാരെ സഹായിക്കുക.

(vi) പോലീസും മറ്റ് എൻഫോഴ്സ്മെന്റ് ഏജൻസികളെയും ഏകോപിപ്പിച്ച് നിയമവാഴ്ച ഉറപ്പാക്കുന്നതിലും, ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ജില്ലാ മജിസ്ട്രേറ്റിനെ സഹായിക്കുക.

(vii) യഥാസമയം സംസ്ഥാന സർക്കാരോ, ജില്ലാ കളക്ടറോ ഏൽപ്പിക്കുന്ന ചുമതലകൾ ഏറ്റെടുക്കുകയും സുപ്രധാന വേദികളിലോ മീറ്റിംഗുകളിലോ ജില്ലാ കളക്ടറെ സഹായിക്കുകയോ പ്രതിനിധീകരിക്കുകയോ ചെയ്യുക.

(viii) ജില്ലാ ആസൂത്രണ സമിതിയുടെ ജോയിന്റ് സെക്രട്ടറി എന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിൽ പ്രമുഖ പങ്ക് നിർവ്വഹിക്കുക. നിലവിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷം വഹിക്കുന്ന ചില സമിതികളിൽ അദ്ധ്യക്ഷം വഹിക്കുക, മറ്റുള്ളവയിൽ അംഗമായി പ്രവർത്തിക്കുക തുടങ്ങിയവയടക്കം മറ്റ് അധിക ചുമതലകൾ ഡി.ഡി.സി.മാർക്ക് നൽകിയതിന്റെ വിശദവിവരങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു*.

(ഡി) ജില്ലാ വികസന കമ്മീഷണർമാരുടെ ആസ്ഥാനം, ഓഫീസ് സ്റ്റാഫ്, മറ്റ് സൗകര്യങ്ങൾ എന്നീ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

നിലവിൽ പത്ത് ജില്ലകളിലാണ് ഡി.ഡി.സി.മാരെ നിയമിച്ചിട്ടുള്ളത്. അവർക്ക് ജില്ലാ കളക്ടർക്ക് തുല്യമായ നിലയിൽ വാഹനം, താമസം, സ്റ്റാഫ്, സെക്യൂരിറ്റി എന്നിവ നൽകുന്നുണ്ട്. അവർക്ക് ഓഫീസ് സൗകര്യം കളക്ടേറ്റിലോ അല്ലെങ്കിൽ ജില്ലാ ആസ്ഥാനത്ത് അനുയോജ്യമായ സ്ഥലത്തോ നൽകിയിട്ടുണ്ട്. നിലവിൽ ജില്ലാ വികസന കമ്മീഷണർമാരുടെ ആസ്ഥാനം, ഓഫീസ് സ്റ്റാഫ്, മറ്റ സൗകര്യങ്ങൾ എന്നിവ ജില്ലതിരിച്ച് അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.*

(ഇ) ജില്ലാ വികസന കമ്മീഷണർമാർ റിപ്പോർട്ട് നൽകേണ്ടതാർക്കാണ്; ഏതൊക്കെ മേഖലകളിലെ പ്രവർത്തനങ്ങൾക്കാണ് ഇവർ നേതൃത്വം നൽകേണ്ടത്; വ്യക്തമാക്കാമോ?

ജില്ലാ കളക്ടർമാർ മുഖേന ചീഫ് സെക്രട്ടറിക്കാണ് ഡി.ഡി.സി.-മാർ റിപ്പോർട്ട് നൽകേണ്ടത്.

കിലെ ഡയറക്ടറുടെ നിയമന രീതി

414 (5139) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലെ ഡയറക്ടറുടെ നിയമന രീതിയും യോഗ്യതയും എന്തൊക്കെയാണ്; നിലവിലെ ഡയറക്ടറുടെ യോഗ്യതകൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly